# SRI CHITRA HOME
# FOR DESTITUTE AND INFIRM

Pazhavangadi, Thiruvananthapuram - 695 023

[ESTD. 1934]

Office - 2472185
Printing - 6527841
Mob : 9400103185

Chairman : District Collector, Thiruvananthapuram

Superintendent: K.K.Usha


Date:

No. SCH /72/2017 7.7.2017

4384/17

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ സാമൂഹ്യനീതി ഓഫീസ്
തിരുവനന്തപുരം

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് – ശ്രീചിത്രാഹോം – വിവരാവകാശ നിയമം 2005 – മറുപടി

സൂചന: ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 6-7-17 തീയതിയിലെ നം.എ3245/2017 കത്ത്

R 14/7

സൂചന കത്തിൽ ആവശ്യപ്പെട്ടിരുന്ന, ശ്രീ. ബി. [illegible] വിവരാവകാശ 2005 പ്രകാരം നൽകിയ കത്തിന്റെ മറുപടി ചുവടെ ചേർക്കുന്നു.

സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് ഓർഫനേജ് ഹോമായി നിലനിന്നുവരുന്ന ശ്രീചിത്രാ ഹോമിൽ 2000-2016 കാലയളവിൽ, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ വിദ്യാഭ്യാസത്തിനായി കൊണ്ടുവരികയോ പ്രവേശിപ്പിക്കുകയോ ചെയ്തിട്ടില്ല.

വിശ്വസ്തതയോടെ

K.K. USHA
Superintendent
Sree Chithra Home
Thiruvananthapuram-23

SRI CHITRA HOME FOR DESTITUTE & INFIRM
Date
No.

No. N-390/17

സാമൂഹ്യനീതി വകുപ്പ്, നിർഭയ സെൽ,
ഹൗസ് നം.40, ചെമ്പകനഗർ,
ബേക്കറിജംഗ്ഷൻ, തിരുവനന്തപുരം - 1,
ഫോൺ നമ്പർ. 2331059
Email ID: nirbhayacell@gmail.com
തീയതി: 10.07.2017

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
നിർഭയ സെൽ.

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
തിരുവനന്തപുരം.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - നിർഭയ സെൽ- വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന: താങ്കളുടെ 07/07/2017 ലെ എഫ്/3295/2017 നമ്പർ കത്ത്.

വിദ്യാഭ്യാസത്തിനുവേണ്ടി മറ്റു സംസ്ഥാനങ്ങളിൽ നിന്നും അനാഥരായ കുട്ടികളെ നിർഭയ ഷെൽട്ടർ ഹോമിലേയ്ക്ക് കൊണ്ടു വരുന്നില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

OFFICE OF THE NIRBHAYA CELL, SOCIAL JUSTICE DEPARTMENT * THIRUVANANTHAPURAM-1

വിശ്വസ്തതയോടെ,

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

[illegible]
Programme Officer and
Public Information Officer
Nirbhaya Cell
Social Justice Department

SHT/62/2017

ഗവ:സ്പെഷ്യൽ ഹോം/ചിൽഡ്രൻസ് ഹോം
സൂപ്രണ്ടിന്റെ കാര്യാലയം, പൂജപ്പുര,
തിരുവനന്തപുരം.
തീയതി : 15.07.17

പബ്ളിക് ഇൻഫർമേഷൻ ആഫീസർ &
സൂപ്രണ്ട്
ഗവ: സ്പെഷ്യൽ ഹോം& ചിൽഡ്രൻസ് ഹോം,
പൂജപ്പുര, തിരുവനന്തപുരം.

ജില്ലാസാമൂഹ്യനീതിആഫീസർ
തിരുവനന്തപുരം.

സർ,

വിഷയം:- സാമൂഹ്യനീതിവകുപ്പ് - ഗവ: സ്പെഷ്യൽഹോം & ചിൽഡ്രൻസ് ഹോം, പൂജപ്പുര തിരുവനന്തപുരം- വിവരാവാശനിയമപ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന:- ജില്ലാസാമൂഹ്യനീതിആഫീസറുടെ 5/07/17 ലെ F8 – 3295/17 നമ്പർ കത്ത്.

ശ്രദ്ധയും പരിരക്ഷയും ആവശ്യമായ അന്യസംസ്ഥാനക്കുട്ടികളെ CWC യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഈ സ്ഥാപനത്തിൽ പ്രവേശിപ്പിക്കുന്നത്. 2000 മുതൽ 2016 വരെയുള്ള കാലയളവിൽ ചൈൽഡ്ലൈൻ, തൊഴിൽ വകുപ്പ് അധികൃതർ, പോലീസ് തുടങ്ങിയ ഏജൻസികൾ മുഖേന CWC ഉത്തരവ്പ്രകാരം 252 ആൺകുട്ടികളെ ഇത്തരത്തിൽ സ്ഥാപനത്തിൽ പ്രവേശിപ്പിച്ചു. അവരെ സ്ഥാപനത്തിൽ പാർപ്പിച്ച് പരിപാലനവും പരിരക്ഷയും നൽകുന്നു. ഇവരിൽ ഒരു കുട്ടി ഒഴികെ 251 പേരെയും CWC ഉത്തരവ്പ്രകാരം സ്വന്തം സംസ്ഥാനങ്ങളിലേയ്ക്ക് തിരികെ അയച്ചു. ഒരു കുട്ടി ഈ സ്ഥാപനത്തിൽ താമസിച്ച് വിദ്യാഭ്യാസം ചെയ്യുന്നു. മറ്റു വിവരങ്ങൾ ഒന്നും തന്നെ ഈ കാര്യാലയത്തിൽ ലഭ്യമല്ല.

വിശ്വസ്തതയോടെ

പബ്ളിക് ഇൻഫർമേഷൻ ആഫീസർ
& സൂപ്രണ്ട്
ഗവ:സ്പെഷ്യൽ ഹോം & ചിൽഡ്രൻസ്
ഹോം, പൂജപ്പുര, തിരുനന്തപുരം.

<u>വിവരാവകാശം- മറുപടി</u>

രജിസ്റ്റേർഡ് തപാൽ

F-3295/17

ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ കാര്യാലയം
പൂജപ്പുര, തിരുവനന്തപുരം
തീയതി: 17.07.2017.

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
(ജില്ലാ സാമൂഹ്യനീതി ഓഫീസർ)
തിരുവനന്തപുരം.

ശ്രീ. ടി.എ. കുഞ്ഞിമുഹമ്മദ്
തോട്ടുകര വീട്
ചെതലയം പി.ഒ
ബത്തേരി, വയനാട്.

സർ,

വിഷയം:- സാമൂഹ്യനീതി വകുപ്പ്- ജില്ലാ സാമൂഹ്യനീതി ഓഫീസ്- തിരുവനന്തപുരം- വിവരാവകാശ നിയമം 2005- മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന:- പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഓർഫനേജ് കൺട്രോൾ ബോർഡ് കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം-ന്റെ 14/06/2017 ലെ OCB1-751/17 നമ്പർ കത്ത്.

①

തിരുവനന്തപുരം ജില്ലയിൽ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളായ ഗവ. ചിൽഡ്രൻസ് ഹോം പൂജപ്പുര തിരുവനന്തപുരം, നിർഭയ സെൽ ബേക്കറി ജംഗ്ഷൻ തിരുവനന്തപുരം, ശ്രീ ചിത്രാ ഹോം തിരുവനന്തപുരം എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച മറുപടിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി സ്ഥാപനങ്ങളിൽ നിന്നും ചോദ്യത്തിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാകാത്ത പക്ഷം സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് ശേഖരിക്കേണ്ടതാണ്

ഈ വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മേൽവിലാസം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി സ്ഥാപനങ്ങളിൽ നിന്നും മറുപടി അപേക്ഷകൻ നേരിട്ട് ശേഖരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ മറുപടി തൃപ്തികരമല്ലെങ്കിൽ അപേക്ഷകന് 30 ദിവസത്തിനുള്ളിൽ അപ്പലേറ്റ് അതോറിറ്റിയായ റീജിയണൽ അസി. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് പൂജപ്പുര തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

OFFICE OF THE DISTRICT SOCIAL JUSTICE OFFICER

വിശ്വസ്തതയോടെ,

Raj

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
തിരുവനന്തപുരം

ഉള്ളടക്കം

1. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ്.
2. ഗവ. ചിൽഡ്രൻസ് ഹോം, നിർഭയ സെൽ, ശ്രീ ചിത്രാ ഹോം എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച മറുപടിയുടെ പകർപ്പ്.